കേരള സർക്കാർ

# കളമശ്ശേരി നഗരസഭ

## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website: www.lfa.kerala.gov.in

e-mail:email:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ എസ് എ-ഇ കെ എം (എം2)1780/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271

email:doekm.ksad@kerala.gov.in

തീയതി: 20.10.2017

ജോയിന്റ് ഡയറക്ടർ

ചെയർ പേഴ്സൺ
(സെക്രട്ടറി മുഖേന)
കളമശ്ശേരി നഗരസഭ

സർ,

വിഷയം : കളമശ്ശേരി നഗരസഭ – 2016-17സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നു

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കളമശ്ശേരി നഗസരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയ്ക്കും, ഭാഗം 3 ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കളമശ്ശേരി നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി (-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3)ഡയറക്ടർ, നഗരകാര്യ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5) കാര്യാലയ പകർപ്പ്

നം കെ.എസ് .എ ഇ.കെ.എം (എം2.)1780/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

തീയതി:20.10.2017

## എറണാകുളം ജില്ലയിലെ കളമശ്ശേരി നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളംജില്ലയിലെ കളമശ്ശേരി നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ധന്യാ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.05.2017 മുതൽ 03.06.2017 വരെയും,19.08.2017 മുതൽ 25.08.17 വരെയും | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | മൈക്കിൾ.കെ.എ | ഓഡിറ്റ് ഓഫീസർ |
| | കുമാരി.സാലി ജോസഫ് | ഓഡിറ്റ് ഓഫീസർ |
| | റഷീദ് സി എം | അസിസ്ററന്റ് ഓഡിറ്റ് ഓഫീസർ(19.08.2017 മുതൽ 25.08.17 വരെ) |
| | ഹരീഷ് ബാബു.എൻ | അസിസ്ററന്റ് ഓഡിറ്റ് ഓഫീസർ |
| | രാജീവ്.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | സന്തോഷ് കുമാർ.എം | ഓഡിറ്റർ(ഹ.ഗ്രേ)(29.05.2017 മുതൽ 03.06.2017 വരെ) |

.

(ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| ചെയർ പേഴ്സൺ | ശ്രീമതി. ജെസി പീറ്റർ | 01.04.2016 | 31.03.2017 |

.

| സെക്രട്ടറി | കാലയളവ് | |
|---|---|---|
| ശ്രീ.എസ് നാരായണൻ | മുതൽ | വരെ |
| | 01.04.2016 | 31.03.2017 |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | കാലയളവ് |
|---|---|---|

| | | മുതൽ | വരെ |
|---|---|---|---|
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.റെജി.ടി.എസ് | 01.04.2016 | 31.03.2017 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.അനഘ.പി.വി | 01.04.2016 | 31.03.2017 |
| അഗ്രികൾച്ചർ ഓഫീസർ | ശ്രീ എം.എൻ രാജേന്ദ്രൻ | 01.04.2016 | 31.03.2017 |
| പ്രോജക്ട് ഓഫീസർ, കളമശ്ശേരി നഗരസഭ | ശ്രീ സുധീർ എൻ ഡി | 01.04.2016 | 31.03.2017 |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ ഷിബു എൽ നാലപ്പാട്ട് | 01.04.2016 | 31.03.2017 |
| വെറ്റിനറി സർജ്ജൻ | ഡോ. രഞ്ജു ആന്റണി | 01.04.2016 | 31.03.2017 |
| പ്രിൻസിപ്പാൾ, ഗവ.വി.എച്ച്.എസ്.എസ് | ശ്രീമതി നവീന പി | 01.04.2016 | 31.03.2017 |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി നമിത.പി | 01.04.2016 | 31.03.2017 |
| പട്ടികജാതി വികസന ഓഫീസർ, കളമശ്ശേരി നഗരസഭ | ശ്രീമതി.ഹണിമോൾ.ജെ കട്ടക്കയം | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ, (ആയുർവേദം) | ഡോ.സുമി.സി.ആർ | 01.04.2016 | 31.03.2017 |

ഉള്ളടക്കം


| ഭാഗം - 1 | | |
|---|---|---|
| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രികപരിശോധിച്ചതിന്റെ വിവരം. |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | സാമ്പത്തിക വിശകലനം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം - 2 | | |
| 11 | 2-1 | റോഡ് കട്ടിംഗ് - റെസ്റ്റോറേഷൻ ഫീസ് ഈടാക്കിയതിലെ അപാകത |
| 12 | 2-2 | ബിൽഡിംഗ് പെർമിറ്റ് അപാകതകൾ -14444 രൂപ നഷ്ടം |
| 13 | 2-3 | അനധികൃത കെട്ടിടങ്ങൾ പരിശോധിക്കണം |
| 14 | 2-4 | പരസ്യ നികുതി പിരിച്ചെടുത്തിട്ടില്ല |
| 15 | 2-5 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ചു-30479 രൂ. നഷ്ടം |
| 16 | 2-6 | സ്വകാര്യ പാർക്കിംഗ് സ്ഥലങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല |

| | | |
|---|---|---|
| 17 | 2-7 | D&O ലൈസൻസ് ഈടാക്കിയതിൽ കുറവ്. |
| 18 | 2-8 | ഷോപ്പിംഗ് കോംപ്ലക്സ്-വാടകയ്ക്ക് നൽകാൻ കഴിഞ്ഞിട്ടില്ല |
| 19 | 2-9 | വാടക ലഭിച്ചിട്ടില്ല |
| ഭാഗം - 3 | | |
| 20 | 3-1 | റോഡ് മാപ്പിംഗ് - ഡാറ്റാ ബേസ് പുതുക്കുന്നില്ല |
| 21 | 3-2 | വാങ്ങിയ സ്ഥലം പോക്കുവരവ് ചെയ്ത് കരം ഒടുക്കിയിട്ടില്ല |
| 22 | 3-3 | 2016-17 വർഷത്തേക്ക് വിഭാവനം ചെയ്ത പദ്ധതികൾ കൃഷി ഓഫീസർ നടപ്പാക്കിയില്ല |
| 23 | 3-4 | മരുന്നുകൾക്കായി മുൻകൂർ നൽകിയിട്ടും ഔഷധിയിൽ നിന്ന് മരുന്നുകൾ ലഭിച്ചില്ല |
| 24 | 3-5 | പണം നൽകിയിട്ടും മരുന്നുകൾ ലഭിക്കുന്നില്ല |
| 25 | 3-6 | പി.എച്ച്.സി യ്ക്ക് എയർ കണ്ടീഷണർ വാങ്ങിയ നടപടിക്രമങ്ങളിലെ ന്യൂനതകൾ |
| 26 | 3-7 | ഉപയോഗിക്കാതെ അവശേഷിക്കുന്ന കേന്ദ്ര ഫണ്ട് അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുന്നില്ല |
| 27 | 3-8 | ഇ.എം.ഡി.യായി ലഭിച്ച ചെക്കുകൾ നഗരസഭാ അക്കൌണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ സൂക്ഷിക്കുന്നു |
| 28 | 3-9 | കിണർ പുനരുദ്ധാരണം(എസ്.സി)-വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 29 | 3-10 | തുല്യതാ പഠനം(ജനറൽ)-കോസ്റ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 30 | 3-11 | ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| 31 | 3-12 | അജൈവ മാലിന്യം നീക്കം ചെയ്യൽ-ടെണ്ടർ നടപടികളിലെ അപാകതകൾ |
| 32 | 3-13 | ഖരമാലിന്യ നിർമ്മാർജ്ജനം |
| 33 | 3-14 | തെരുവ് വിളക്കുകളുടെ പരിപാലനം-അപാകതകൾ |
| 34 | 3-15 | എസ്.സി.ഷോപ്പിംഗ് കോംപ്ലക്സ്-അധിക നഷ്ടപരിഹാരം |
| 35 | 3-16 | അധിക അളവ് പ്രവൃത്തിക്ക് ടെണ്ടർനിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചു |
| ഭാഗം - 4 | | |
| 36 | 4(1) | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 37 | 4(2) | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 38 | 4(3) | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 39 | 4(4) | വായ്പ/ വായ്പ തിരിച്ചടവ് |
| 40 | 4(5) | സ്ഥിരനിക്ഷേപങ്ങൾ |
| 41 | 4(6) | ഓഡിറ്റ് റിക്കവറി |
| 42 | 4(7) | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ |

| | | |
|---|---|---|
| 43 | 4(8) | ഓഡിറ്റ് പ്രത്യവലോകനം |
| 44 | 4(9) | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 45 | അനുബന്ധം1 | ഓഡിറ്റ്സർട്ടിഫിക്കറ്റ് |
| 46 | അനുബന്ധം2 | റസീപ്റ്റ് & പേയ്മെന്റ് |
| 47 | അനുബന്ധം3 | ഇൻകം & എക്സ്പെൻഡിച്ചർ |
| 48 | അനുബന്ധം4 | ബാലൻസ് ഷീറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.16-ാം തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 735855500 | 789277210 |
| വാർഷിക കണക്കുകൾ പ്രകാരം | 397945850 | 334595206 |

ഇ.എഫ്.എം.എസ് മുഖേനയുള്ള ബി.ഫണ്ട്,അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള 4.84 കോടി രൂപയുടെ വരവ്-ചെലവുകൾ, വരവ്-ചെലവ് പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്കു നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളും യഥാർത്ഥ വരവ്-ചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്.യഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 1.08.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

നഗരസഭയുടെ 2016-17ലെ വാർഷിക ധനകാര്യ പത്രിക 21.08.17 ൽ പരിശോധിച്ചു. അപാകതകൾ ഒന്നും തന്നെ ശ്രദ്ധയിൽപെട്ടില്ല. (ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ,റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട് ,ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട് )

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 37776210.91 |
| വരവ് | 397945850.00 |
| ആകെ | 435722060.91 |
| ചെലവ് | 334595206.00 |
| നീക്കിയിരിപ്പ് | 101126854.91 |

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് | ചെലവ് | ചെലവ് % |
|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 00 | 42870395 | 30491440 | 71.12 |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് എസ്.സി.പി | 00 | 17877468 | 6995982 | 39.13 |
| വികസന ഫണ്ട് ടി.എസ്,പി | 00 | 00 | 00 | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | 00 | 27688251 | 6989146 | 25.24 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 00 | 10907262 | 2434728 | 22.32 |
| പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 55756335 | 31968010 | 57.33 |
| പെർഫോർമസ്ഗ്രാന്റ് (ലോകബാങ്ക്) | 00 | 16830977 | 7328433 | 43.54 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1577774 | 2708697 | 1402458 (നീക്കിയിരിപ്പ്) 2884013 | 51.77 |
| ബി ഫണ്ട് | 0 | 48476375 | 48476375 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 207 | 252381262 | 85 | 86204344 | 41.06 |

## 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷം തനതു വരുമാനത്തിൽ ലഭിച്ച വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 165008057 | 184891172 | 19883115 | (+)10.75% |
| നികുതിയേതര വരവുകൾ | 16231486 | 49178001 | 32946515 | (+)203% |
| മറ്റ് വരവുകൾ | 4761462 | 4473025 | 288437 | (-)6.06% |
| ആകെ | 186001005 | 238542198 | 52541193 | (+)28.25% |

നഗരസഭയുടെ ആകെ വരുമാനത്തിൽ 28.25% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2016-17 | 218 | 1836950 |
| വിധവാപെൻഷൻ | 2016-17 | 1641 | 17624100 |
| വാർദ്ധക്യകാലപെൻഷൻ | 2016-17 | 3443 | 24678985 |
| വികലാംഗപെൻഷൻ | 2016-17 | 400 | 3764670 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2016-17 | 50 | 420710 |
| തൊഴിൽ രഹിത വേതനം | 2016-17 | 21 | 30960 |

| | | | |
|---|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2016-17 | 4 | 120000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.08.2017തീയതി 3മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 168,997 /-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 06.06.2016 മുതൽ 10.06.2016 വരെ | 2014-15,2015-16 | 18.11.2016 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.01.2016 മുതൽ 08.01.2016 വരെ | 2015-16 | 16.08.2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 റോഡ് കട്ടിംഗ് - റെസ്റ്റോറേഷൻ ഫീസ് ഈടാക്കിയതിലെ അപാകത

2016-17 വർഷം കളമശ്ശേരി നഗരസഭയിൽ നടപ്പിലാക്കുന്ന സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതിയ്ക്കായി വിവിധ റോഡുകൾ കട്ടിംഗ് നടത്തിയത് റെസ്റ്റോറേഷൻ നടത്തുന്നതിന് M/s Adani Group 13.2.2017 ലെ DD നം 281605 മുഖേന 1,29,97,800/- രൂ. നഗരസഭയിൽ അടച്ചിട്ടുണ്ട്. എന്നാൽ ചീഫ് എഞ്ചിനീയറുടെ 18.3.2013 ലെ CE/R&B/GL/6682-ാം നംപർ ഉത്തരവ് പ്രകാരമല്ല നിരക്കുകൾ ഈടാക്കിയിട്ടുള്ളത്. ഈ പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പ് ചുമത്തിയിട്ടുള്ള നിരക്കുകളാണ് ബാധകമാക്കേണ്ടത് എന്നുള്ള ഉത്തരവിനെ അടിസ്ഥാനമാക്കിയാണ് അപ്രകാരം നിരക്ക് ഈടാക്കിയത് എന്നാണ് മുനിസിപ്പൽ എഞ്ചിനീയർ വിശദീകരിച്ചിട്ടുള്ളത്. എന്നാൽ മേൽ സൂചിപ്പിച്ച ഉത്തരവു Public Works Department -ൽ നിന്നും ചുമത്തേണ്ട തുക Roads Having Black topped Surface -Rs. 1521/m2 ആണ്. എന്നാൽ ചുമത്തിയിട്ടുള്ള നിരക്ക് 884.205/m2 ആണ്.

ഇപ്രകാരം തുക ഈടാക്കിയതിനാൽ വ്യത്യാസം ചുവടെ ചേർക്കുന്നു.

1)വാർഡ് 12-Tar road

ഈടാക്കേണ്ട തുക : 6204.75* 1521/m2= 9437424.75

ഈടാക്കിയ തുക : 6204.75*884.205/m2 = 5486270/-

വ്യത്യാസം =3951154.75

2) വാർഡ് 10-Tar road

ഈടാക്കേണ്ട തുക : 3212.25* 1521/m2= 4885832.25

ഈടാക്കിയ തുക : 3215.25*884.205/m2= 2842940/-

വ്യത്യാസം = 2042892.25

3)വാർഡ് 10-Tar road

ഈടാക്കേണ്ട തുക : 2088.75* 1521/m2= 3176988.75

ഈടാക്കിയ തുക: 2088.75* 884.205/m2 =1846883.19

വ്യത്യാസം = 1330105.55

ഈയിനത്തിൽ മാത്രം ആകെ വ്യത്യാസം (കുറവ്): 73,24,152.55

ഇപ്രകാരം കുറഞ്ഞ തുക ഈടാക്കുവാൻ കാരണമായിട്ടുള്ളത് ഇൻഡ്യൻ ഓയിൽ ഗ്രൂപ്പ് ഭാഗികമായി ഈ പ്രവർത്തി നടപ്പാക്കും എന്നുള്ളതുകൊണ്ടാണ് . ആയതിനാൽ ഈ പ്രവർത്തിയുടെ പൂർത്തീകരണം വരെ ശ്രദ്ധിക്കേണ്ടതും എഗ്രിമെന്റിൽ പ്രതിപാദിച്ചതുപോലെ പൂർത്തികരിച്ചിട്ടുണ്ടോ എന്നതിന് വിധേയമായി തുക ഈടാക്കേണ്ടതുമാണ്.

## 2-2 ബിൽഡിംഗ് പെർമിറ്റ് അപാകതകൾ -14444 രൂപ നഷ്ടം

നഗരസഭയുടെ ബിൽഡിംഗ് പെർമിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.അപാകതകൾ സംബന്ധിച്ച് 21.08.2017 ൽ ഓഡിറ്റ് എൻക്വയറി(നം 22) നൽകി.ആയതിന് 24.8.2017 ന് നൽകിയ മറുപടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

1)പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്- 4971 രൂപ നഷ്ടം

നഗരസഭയിൽ പെർമിറ്റ് ഫീസ് ഈടാക്കിയപ്പോൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ഈടാക്കുന്നതിനാൽ 4971 രൂപയുടെ നഷ്ടം സംഭവിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ബി എ നം | ഉടമ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (സ്ക്വയർ മീറ്റർ) | ഈടാക്കിയ പെർമിറ്റ് ഫീസ് | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | BA2-96/17 /27.07.2016 | അബ്രഹാം മാത്യു, കങ്ങരപ്പടി, കളമശ്ശേരി | 748 (സ്പെഷ്യൽ റെസിഡൻഷ്യൽ) | 5240 രൂപ 01/117010100001 /31.03.2017 | 748X10= 7480 | 2240 |
| 2 | BA2-193/16 /12.05.2016 | രാഘവൻ&സുലോചന, എച്ച് എം റ്റി കോളനി, കളമശ്ശേരി | 154.87 (റെസിഡൻഷ്യൽ) | 810 രൂപ 01/11601101930 /12.05.2016 | 154.87X7=1084 | 274 |
| 3 | BA2-483/16 /4.10.2016 | സൂസി കോരകുഞ്ഞ്, തൈക്കാവ്,കളമശ്ശേരി | 496.13(കാർ പോർച്ച് 59.4 ഉൾപ്പെടെ) (റെസിഡൻഷ്യൽ) | 3060 രൂപ 01/1160110860 /4.10.2016 | 496.13X7=3473 | 413 |
| 4 | BA2-529/16 /21.11.2016 | പ്രസിഡന്റ്,സെൻട്രൽ ജുമാ മസ്ജിദ്,കളമശ്ശേരി | 498.4 (സ്പെഷ്യൽ റെസിഡൻഷ്യൽ ) | 2940 രൂപ 01/1160111515 /21.11.2016 | 498.4X10=4984 | 2044 |
| | ആകെ | | | | | 4971 |

പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന 4971 രൂപ ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

2)കെ എസ് ഇ ബി - പെർമിറ്റ് ഫീസ് ഈടാക്കിയില്ല- 4189 രൂപ നഷ്ടം

കെ എസ് ഇ ബി യുടെ ഹോട്ട് ലൈൻ മെയിന്റനൻസ്, വർക്ക് ഷെഡ് എന്നിവക്ക് പെർമിറ്റ് നൽകിയപ്പോൾ പെർമിറ്റ് ഫീസ് ഈടാക്കാതിരുന്നതിനാൽ 4189 രൂപയുടെ നഷ്ടം സംഭവിച്ചു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ബി എ നം | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (സ്ക്വയർ മീറ്റർ) | ഈടാക്കേണ്ട പെർമിറ്റ് ഫീസ് |
|---|---|---|
| BA2-598/16 /27.07.2016 | 418.85 | 4189 രൂപ (418.85X10) |

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം പ്രാദേശിക വൈദ്യുതി വിതരണ ശൃംഖലകൾ മാത്രമാണ് പെർമിറ്റ് ഫീസിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. പെർമിറ്റ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.പെർമിറ്റ് ഫീസിനത്തിൽ നഷ്ടം വന്ന 4189 രൂപ കെ എസ് ഇ ബി യിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

3)നിരക്ക് കണക്കാക്കിയതിലെ അപാകത -763 രൂപ നഷ്ടം

കൊമേഴ്സ്യൽ കെട്ടിടത്തിന് റെസിഡൻഷ്യൽ ഫീസ് ഈടാക്കിയതിനാൽ 763 രൂപയുടെ നഷ്ടം സംഭവിച്ചു.

അപേക്ഷകന്റെ പേര്- ഹമീദ്.വി.കെ, വെള്ളാർകോഡാത്ത് ഹൗസ്, യൂണിവേഴ്സിറ്റി .പി.ഒ, കളമശ്ശേരി. വിശദ

വിവരം താഴെ ചേർക്കുന്നു.

| ഒക്യുപൻസി | പ്ലിന്ത്ഏരിയ (ച.മീ) | ഈടാക്കേണ്ട തുക | ഈടാക്കിയ തുക/രസീത് നം. | കുറവ് |
|---|---|---|---|---|
| ഷോപ്പ് | 15.84 | 256.27X10= 2563 രൂപ | 1800 രൂപ രസീത് നം. 11601108039 /27.09.16 | 763 രൂപ |
| നോൺ ഫാമിലി റെസിഡൻഷ്യൽ | 240.43 | | | |

4)വികസന പെർമിറ്റ് നൽകിയില്ല- 4013 രൂപ നഷ്ടം

നഗരസഭയിൽ നിന്ന് വികസന പെർമിറ്റ് വാങ്ങാതെ മണ്ണ് ഖനനം ചെയ്യുന്നതിന് മൈനിംഗ്&ജിയോളജി വകുപ്പിൽ നിന്ന് അനുമതി വാങ്ങി.വിശദ വിവരം താഴെ ചേർക്കുന്നു.

| അപേക്ഷകൻ | മൈനിംഗ്&ജിയോളജി അനുമതി | അനുവദിച്ച അളവ് | സർവ്വെ നം | സ്ഥല വിസ്തീർണ്ണം |
|---|---|---|---|---|
| എം സി ജോസ്,മടക്കക്കുഴി ഹൗസ്,നോർത്ത് കളമശ്ശേരി | 424/16-17/DOE/210 /E2/16/20.03.2017 | 1050 മെട്രിക് ടൺ | 382/7,382 /21,തൃക്കാക്കര വില്ലേജ്, കണയന്നൂർ താലൂക്ക് | 5.35 ആർ |

മൈനിംഗ്&ജിയോളജി വകുപ്പിന്റെ അനുമതി പത്രത്തിൽ കളമശ്ശേരി നഗരസഭയുടെ TP 2—BA(31291)/2016 /23.08.2016 നം പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ് മണ്ണ് ഖനനം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ പ്രസ്തുത പെർമിറ്റ് കെട്ടിട നിർമ്മാണത്തിന് നൽകിയ പെർമിറ്റ് ആണ്.വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട വിസ്തീർണ്ണം | 1295.42 എം സ്ക്വയർ |
| ഈടാക്കിയ ഫീസ് | 12955 രൂപ,റസീപ്റ്റ് നം 01/11601106227/23.08.2016 |

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 (1) പ്രകാരം കെട്ടിട നിർമ്മാണത്തിന് ഭൂമി വികസിപ്പിക്കുന്നതിന് നഗരസഭാ സെക്രട്ടറിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. ഭൂമി വികസനത്തിന് ചട്ടം 5 പ്രകാരം ഉടമ അപേക്ഷ സമർപ്പിക്കേണ്ടതും ആയത് പരിഗണിച്ച് പട്ടിക II പ്രകാരമുള്ള ഫീസ് ഈടാക്കി ചട്ടം 7 പ്രകാരം വികസന പെർമിറ്റ് നൽകണം. ഇപ്രകാരം വികസന പെർമിറ്റ് നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. വികസന പെർമിറ്റ് ഫീസിനത്തിൽ 4013(5.35X750) രൂപ നഗരസഭക്ക് ലഭിക്കേണ്ടതുണ്ട്.വികസന പെർമിറ്റ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. വികസന പെർമിറ്റ് എടുക്കുന്നതിന് സ്ഥല ഉടമയോട് ആവശ്യപ്പെടേണ്ടതും നഷ്ടം വന്ന 4013 രൂപ ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

5)ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കിയതിൽ കുറവ്-508രൂപ നഷ്ടം

ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കിയപ്പോൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ നിരക്കിനേക്കാൾ കുറവ് ഈടാക്കിയത് മൂലം 508രൂപയുടെ നഷ്ടം സംഭവിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ബി എ നം | ഉടമ | സ്ഥല വിസ്തീർണ്ണം | ഈടാക്കിയ ഡെവലപ്പ്മെന്റ് ഫീസ് | ഈടാക്കേണ്ട ഡെവലപ്പ്മെന്റ് ഫീസ് (750/ആർ) | കുറവ് |
|---|---|---|---|---|---|---|
| 1 | BA2-123/16 /25.05.2016 | ഹഫീസ് റഹ്മാൻ, പടിയത്ത്,കല്ലൂർ | 33.81ആർ, സർവ്വെ നം 295/5,6,12,22,5 /1തൃക്കാക്കര നോർത്ത് | 24850 രൂപ, രസീത് നം 01/11601102373 /26.05.2016 | 25357.50 രൂപ | 508 രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | വില്ലേജ്, കണയന്നൂർ താലൂക്ക് | | | |

ഡെവലപ്പ്മെന്റ് ഫീസിൽ കുറവ് വന്നത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. 508രൂപ അപേക്ഷകനിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

കുറവ് വന്ന തുക അടക്കുന്നതിന് അപേക്ഷകർക്ക് കത്ത് നൽകിയതായി മറുപടിയിൽ അറിയിച്ചു.പെർമിറ്റ് ഫീസ്/വികസന ഫീസിൽ കുറവ് വന്ന 14444 രൂപ (4971+4013+763+4189+508) രൂപ ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-3 അനധികൃത കെട്ടിടങ്ങൾ പരിശോധിക്കണം

നഗരസഭയിൽ അനധികൃത രജിസ്റ്റർ (യു എ രജിസ്റ്റർ)പ്രകാരം 69 അനധികൃത കെട്ടിടങ്ങളാണ് ഉള്ളത്. കോ -ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കളമശ്ശേരി, കൊച്ചിൻ യൂണിവേഴ്സിറ്റി, കളമശ്ശേരി ചാക്കോളാസ് സ്പിന്നിംഗ് &വീവിംഗ് മിൽസ് ലിമിറ്റഡ് എന്നിവയുൾപ്പെടെ വലിയ കെട്ടിടങ്ങളാണ് യു എ വിഭാഗത്തിലുള്ളത്.

കേരള മുനിസിപ്പാലിറ്റി നിയമം, ചട്ടം,കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരം നടപടികൾ സ്വീകരിക്കേണ്ട കെട്ടിടങ്ങളിൻമേൽ നഗരസഭ സമയബന്ധിത നടപടികൾ സ്വീകരിച്ചിട്ടില്ല. യു എ കെട്ടിടങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടും, വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടും 24.08.2017 ന് നൽകിയ 29-ാംനമ്പർ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1.അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച് നഗരസഭ കോമൺ ഫയൽ സൂക്ഷിക്കുന്നില്ല.ഇക്കാരണത്താൽ യു എ നമ്പറുകൾ നൽകുന്നതിന് നിദാനമായ നഗരസഭ കൗൺസിൽ തീരുമാനം, അനന്തര നടപടികൾ എന്നിവ പരിശോധിക്കാൻ സാധിച്ചില്ല.രജിസ്റ്റർ പ്രകാരം 95 കെട്ടിടങ്ങൾക്കാണ് യു എ നമ്പർ നൽകിയത്. അതിൽ 26 കെട്ടിടങ്ങൾക്ക് പിന്നീട് അംഗീകൃത കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. പ്രധാന കെട്ടിടങ്ങളായ കോ -ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കളമശ്ശേരി, കൊച്ചിൻ യൂണിവേഴ്സിറ്റി, കളമശ്ശേരി,ചാക്കോളാസ് സ്പിന്നിംഗ്&വീവിംഗ് മിൽസ് ലിമിറ്റഡ് എന്നിവയുടെ ഫയൽ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ യു എ നമ്പർ നൽകിയ കെട്ടിടങ്ങൾ അപാകതകൾ പരിഹരിച്ചതിന്റെ അടിസ്ഥാനത്തിലാണോ ഓതറൈസ്ഡ് നമ്പർ നൽകിയത് എന്ന് പരിശോധിക്കാൻ സാധിച്ചില്ല. ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്.
2.അൺ ഓതറൈസ്ഡ് രജിസ്റ്ററിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ(പിന്നീട് അംഗീകൃത നമ്പർ നൽകിയവ ഉൾപ്പെടെ) നികുതി ഈടാക്കിയ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. അരിയർ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടങ്ങളായതിനാൽ നികുതി നഷ്ടം ഉണ്ടാകാൻ ഇടയുണ്ട്. നികുതി ഈടാക്കിയ വിവരം ലഭ്യമാക്കാഞ്ഞതിനാൽ ഇക്കാര്യം പരിശോധിക്കാൻ സാധിച്ചില്ല.മുഴുവൻ കെട്ടിടങ്ങളുടേയും നികുതി സംബന്ധിച്ച നിലവിലെ അവസ്ഥ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

കളമശ്ശേരി നഗരസഭയിലെ 42 വാർഡുകളിലെയും റോഡുകൾ, തോടുകൾ, കുളങ്ങൾ, ഡ്രയിനേജ്, ആസ്തികൾ, പൊതു സ്ഥലങ്ങൾ, സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളും സ്ഥലങ്ങളും തുടങ്ങിയവ ടോട്ടൽ സ്റ്റേഷൻ സർവ്വെ നടത്തി മൾട്ടി പർപ്പസ് ഡാറ്റാ ബേസ് തയ്യാറാക്കുന്നതിന് 2012-13 വർഷത്തെ കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 74/13 പ്രകാരം റോഡ് മാപ്പിംഗ് എന്ന പദ്ധതി നടപ്പാക്കിയിരുന്നു. വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് വേണ്ടിയാണ് പ്രധാനമായും ഈ പദ്ധതി നടപ്പാക്കിയത്. 59,98,198 രൂപ ചെലവിൽ 2013-14 വർഷം ഈ പദ്ധതി പൂർത്തീകരിച്ചു.

ഈ പദ്ധതിയുടെ കരാർ ഏറ്റെടുത്ത മെസ്സേഴ്സ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം സമർപ്പിച്ച വസ്തുനികുതി സംബന്ധമായ ഡാറ്റാബേസ് പ്രകാരം 14-ാം വാർഡിലെ (മെഡിക്കൽ കോളജ്) തൃക്കാക്കര വില്ലേജ് സർവ്വെ നമ്പർ 337/6ൽ ഉൾപ്പെട്ട താഴെ പറയുന്ന കെട്ടിടങ്ങൾ അൺ ഓതറൈസ്ഡ് നിർമ്മാണം എന്നാണ് കാണിച്ചിട്ടുള്ളത്.
.

| ക്രമ നമ്പർ | ഉടമസ്ഥന്റ പേര് | നിർമ്മിച്ച വർഷം | ഉപയോഗം | വിസ്തീർണ്ണം | അഭിപ്രായം |
|---|---|---|---|---|---|
| 1 | ബെർളി ഏണസ്റ്റ്, വില്ലാ നം.2, വൈൻയാർഡ് വില്ല, വടകോട് പി.ഒ., കളമശ്ശേരി | 2013 | താമസം | GF 100 m2 | ഇരുനില |

| | | | | | |
|---|---|---|---|---|---|
| 2 | ബിജു തോമസ്, വില്ല നം.6, -ടി- | 2013 | താമസം | - | ഇരുനില |
| 3 | ജോബി തോമസ്, വില്ല നം.9 -ടി- | 2013 | താമസം | GF 83m2 | ഇരുനില |
| 4 | ഷെൽട്ടൺ, വില്ല നം. 11, -ടി- | 2013 | താമസം | - | ഇരുനില |
| 5 | മിനിമോൾ ഡെൻസിൽ, വില്ല നം. 16, -ടി- | 2013 | താമസം | GF 109 m2 | ഇരുനില |
| 6 | വിജി ജോർജ്ജ്, വില്ല നം. 18, -ടി- | 2013 | താമസം | GF 91.7m2 | ഇരുനില |
| 7 | മനോജ്, വില്ല നം. 22, -ടി- | പണി നടക്കുന്നു | താമസം | - | ഇരുനില |
| 8 | ജെയിംസ് ജോൺ, വില്ല നം.26, -ടി- | 2013 | താമസം | GF 102.3m2 | ഇരുനില |
| 9 | സിജു മാത്യു ആന്റ് നിഷ, വില്ല നം. 27, -ടി- | 2013 | താമസം | GF 111m2 | ഇരുനില |
| 10 | സന്തോഷ് മാത്യു, വില്ല നം. 28, -ടി- | പണി നടക്കുന്നു | താമസം | - | ഇരുനില |
| 11 | ജേക്കബ് വർഗ്ഗീസ്, വില്ല നം.37 -ടി- | പണി നടക്കുന്നു | താമസം | - | ഇരുനില |
| 12 | കൊച്ചുറാണി, വില്ല നം. 38, -ടി- | പണി നടക്കുന്നു | താമസം | - | ഇരുനില |
| 13 | കൊമേലിയസ് ഫെർണാണ്ടസ് വില്ല നം. 39, -ടി- | പണി നടക്കുന്നു | താമസം | - | ഇരുനില |
| 14 | നിവിൻ വർക്കി, വില്ല നം. 40, -ടി- | പൂർത്തിയായിട്ടില്ല | താമസം | - | ഇരുനില |

മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിന്റേയും അവയുടെ വസ്തുനികുതി നിർണ്ണയം നടത്തിയതിന്റേയും വിവരങ്ങൾ ആവശ്യപ്പെട്ട് 23.8.2017ൽ നൽകിയ 30-ാം നമ്പർ ഓഡിറ്റ് അൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഗരസഭയിലെ അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച വിശദപരിശോധന നടത്തി മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ നികുതി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

## **2-4** <u>പരസ്യ നികുതി പിരിച്ചെടുത്തിട്ടില്ല</u>

27-02-2016 ലെ ആർ.3/1609/98 നമ്പർ നോട്ടീസ് പ്രകാരം 2016-17 വർഷത്തെ പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം 08-03-2016 ലെ ലേലം നടത്തിയതിൽ ശ്രീ. ജീസൺ തോമസ്, മാളിയേക്കൽ, പാലിശ്ശേരിയുടെ 725000 രൂപയുടെ ഓഫർ കൗൺസിലിന്റെ 31-03-2016 ലെ 5-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും കരാർ വ്യവസ്ഥ പ്രകാരം കരാർ തുകയുടെ മൂന്നിലൊന്ന് തുക അടച്ച് 07-04-2016 ൽ കരാർ വെക്കുകയും ചെയ്തു. കരാർ പ്രകാരം ബാക്കിയുള്ള 553417 രൂപ 31-08-2016, 31-12-2016 തീയതികളിലായാണ് ഒടുക്കേണ്ടിയിരുന്നത്. ആയതിനായി കരാറുകാരൻ നൽകിയ 276709 രൂപയുടെ 31-08-2016 ലെ ചെക്കും 276708 രൂപയുടെ 03-12-2016 ലെ ചെക്കും ബാങ്കിൽ പണമില്ലാതെ മടങ്ങിയതിനെത്തുടർന്ന് 2016-17 വർഷം

താഴെ പറയും പ്രകാരം 204000 രൂപ നൽകി.

| | | |
|---|---|---|
| ലേലത്തുക | | 725000 |
| സേവന നികുതി@ 14.50% | | 105125 |
| കരാർ തുക | | 830125 |
| കുറയ്ക്കുക : 1/3 Ch. 08771/06-04-16 | | 276708 |
| Ch. 92573/21-04-16 | | 20000 |
| ബാക്കി | | 533417 |
| 25-03-2017 | Cash | 35000 |
| 20-03-2017 | Ch. 91648 | 15500 |
| 21-03-2017 | Ch. 304705 | 12000 |
| 23-03-2017 | Ch. 615664 | 1500 |
| 29-03-2017 | Ch. 264726 | 140000 |
| | ബാക്കി | 329417 |

മേൽപ്പറഞ്ഞ പ്രകാരം പരസ്യനികുതിയിനത്തിൽ നഗരസഭയ്ക്ക് നൽകിയ ചെക്ക് മടങ്ങിയത് മൂലം 329417 രൂപ 2016-17 വർഷം നഗരസഭയ്ക്ക് നഷ്ടമായിട്ടുണ്ട്. ഈ തുക പിരിച്ചെടുക്കുന്നതിന് യഥാസമയം നിയമനടപടികൾ സ്വീകരിക്കാതിരുന്നത് മൂലം പലിശയിനത്തിൽ ഉൾപ്പെടെ വലിയ നഷ്ടമാണ് നഗരസഭയ്ക്കുണ്ടായിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ 21-08-2017 ലെ 23- ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 23-08-2017 ൽ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ 2017-18 ൽ 148050 രൂപ ഈടാക്കിയിട്ടുണ്ടെന്നും ബാക്കി തുക ഈടാക്കുന്നതിന് നിയമനടപടി സ്വീകരിച്ചതിനൊപ്പം കരാറുകാരനുമായി ചർച്ച നടത്തിയതിൽ 2017 സെപ്റ്റംബറിന് മുമ്പായി തുക നൽകാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ടെന്നുമാണ് പറഞ്ഞിട്ടുള്ളത്.
2016-17 വർഷത്തെ പരസ്യനികുതിയിനത്തിൽ നഗരസഭയ്ക്ക് നഷ്ടമായ 181367 രൂപ പലിശ സഹിതം ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-5 വസ്തുനികുതി തെറ്റായി നിർണ്ണയിച്ചു-30479 രൂ. നഷ്ടം

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതാണ്. (1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ് പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ രണ്ടോ അതിലധികമോ ഉപയോഗങ്ങൾ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് വിഭാഗങ്ങൾക്ക് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷിക വസ്തു നികുതി തിട്ടപ്പെടുത്താവുന്നതാണ്). ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ 19/2011 നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കളമശ്ശേരി നഗരസഭ ഭരണസമിതിയുടെ വസ്തുനികുതി പരിഷ്കരണത്തിനുള്ള 25.05.12ലെ പതിനാലാം നമ്പർ തീരുമാന പ്രകാരം, വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 70 രൂപയായും, വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 90 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്.എന്നാൽ, നികുതിനിർണ്ണയ രേഖകൾ പരിശോധിച്ചതിൽ, ഒരേ വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 90 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 70 രൂപ നിരക്കിലുമാണ് നികുതി ഈടാക്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

.

| ക്രമ നം | ഉടമയുടെ പേര്, മറ്റ് വിവരങ്ങൾ | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട അടിസ്ഥാന നികുതി | ഇളവുകൾ/ അധികം ചുമത്തേണ്ടത് | ആകെ | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | അജിൽ ജോസ്, വടക്കേൽ, മങ്കുഴി റോഡ്, ഇടപ്പള്ളി സർവേ നം.840/116 | 18/174B<br>18/174B1 | 91.778<br>78.01<br>169.788 | 169.788X90 =15281 | 3056 (+20% റോഡ്) | 18337 | 7710<br>6554<br>14264 | 4073 |
| 2 | മുഹമ്മദ്.പി.കെ, സെക്രട്ടറി, ടൗൺ മസ്ജിദ്, കങ്ങരപ്പടി സർവേ നം.812/2 | 18/<br>451A<br>451B<br>451B1<br>451B2 | 53.75<br>32.13<br>8.65<br>19.75<br>114.28 | 114.28X90 =10285 | 2057 (+20% റോഡ്) | 12342 | 3763<br>2250<br>606<br>1383<br>1600<br>9602 | 2740 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | അബ്ദുൾഖാദർ.എ റാബിയ, കാഞ്ഞിരത്തിങ്കൽ,HMTജം., കളമശ്ശേരി | 311B<br>311B1<br>311B2<br>311B3<br>311C<br>311C1<br>311C2<br>311C3 | 37.505<br>26.895<br>26.895<br>17.395<br>46.285<br>32.975<br>32.975<br>23.515<br>244.44 | 244.44X90<br>=22000 | 4400<br>(+20% റോഡ്) | 26400 | 3152<br>2256<br>2256<br>1462<br>3888<br>2772<br>2772<br>1978<br>20536 | 5864 |
| 4 | കെ.ജി.സജീവൻ, കണ്ണല വീട്, ചങ്ങമ്പുഴ നഗർ | 28/<br>79A1<br>79A2<br>79A3 | 44.8<br>89.61<br>89.61<br>224.02 | 224.02X90<br>=20162 | 4032<br>(20162X.2)<br>-24194X.05<br>=1209ബഹുനില വാണിജ്യ കെട്ടിടങ്ങൾക്കുള്ള ഇളവ്) | 24194<br>-1209<br>=22985 | 3576<br>7152<br>7152<br>17880 | 5105 |
| 5 | അന്നമ്മ ജോസഫ് കൊച്ചുപറമ്പ് ചങ്ങമ്പുഴ നഗർ | 18/<br>77<br>77A | 70<br>97.27<br>167.27 | 167.27X90<br>=15054 | | 15054 | 4900<br>6809<br>11709 | 3345 |
| 6 | ജോസഫ് ഡിക്രൂസ്,കണശ്ശേരി,കുസാറ്റ് .പി.ഒ | 24/<br>40<br>40A2 | 51.25<br>51.25<br>102.5 | 102.5X90<br>=9225 | 1845 | 11070 | 4306<br>4306<br>8612 | 2458 |
| 7 | അബ്ദുൾഖാദർ, പള്ളാത്ത്, കരുന്നപ്പള്ളി | 5/<br>364A<br>364A1 | 59<br>59.82<br>118.82 | 118.82X90<br>=10694 | | 10694 | 4544<br>4608<br>9152 | 1542 |
| 8 | പി.കെ.അലി കുഞ്ഞ്(മേൽ വിലാസം രേഖപ്പെടുത്തിയിട്ടില്ല) | 5/<br>661<br>661A<br>661A1<br>661A2 | 18.58<br>49.49<br>34.03<br>34.04<br>136.14 | 136.14X90<br>=12253 | 2450<br>+20%<br>റോഡ് | 14703X<br>.95=<br>13968 | 1484<br>3952<br>2718<br>2718<br>10872 | 3096 |
| 9 | റസിയ,ചാത്തുകോഡാത്ത്, വെളിയത്തുനാട്, ആലുവ | 4/<br>410D<br>410E | 56.49<br>56.49<br>112.98 | 112.98<br>X90=<br>10168 | - | 10168 | 3956<br>3956<br>7912 | 2256 |
| ആകെ നഷ്ടം | | | | | | | | 30479 |

മേല്പറഞ്ഞ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി നഗരസഭയ്ക്കുണ്ടായ നഷ്ടം നികത്തേണ്ടതാണ്.

## 2-6 സ്വകാര്യ പാർക്കിംഗ് സ്ഥലങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

(ഫയൽ നമ്പർ.R1-7689/16)

നഗരസഭയിലെ സ്വകാര്യ പാർക്കിംഗ് സ്ഥലങ്ങളെ സംബന്ധിച്ച പരിശോധനയിൽ ചില അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. നഗരസഭയിൽ 2016-17 സാമ്പത്തിക വർഷം ആകെ 10 പാർക്കിംഗ് സ്ഥലങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നതായി റവന്യൂ ഇൻസ്പെക്ടർമാർ 03-05-2016 ൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയിരുന്നു. ഇവിടെ നിന്നും പാർക്കിംഗ് ലൈസൻസ് ഫീസ് ലഭിക്കുന്നില്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 475(5) പ്രകാരം 3000/- രൂപ ലൈസൻസ് ഫീസ് ഈടാക്കുവാൻ നഗരസഭ 21-07-2016 ൽ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പാർക്കിംഗ് സ്ഥലങ്ങളുടെ ഉടമസ്ഥരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുവാൻ നഗരസഭ തീരുമാനിക്കുകയും ലൈസൻസ് ഫീസ് അടയ്ക്കാൻ നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ താഴെപ്പറയുന്ന ഉടമസ്ഥരിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് ഫീസ് നഗരസഭയുടെ ഡിമാന്റിൽ ഉൾപ്പെടുത്തി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | ലഭിക്കേണ്ട ലൈസൻസ് ഫീസ് |
|---|---|---|
| 1 | റഫീക്ക്,എ.എം.അസോസിയേറ്റ്സ്, നോർത്ത് കളമശ്ശേരി | 3000 |

| | | |
|---|---|---|
| 2 | സുരേഷ് കുമാർ.എം,പൊന്നാലയം,മുട്ടം | 3000 |
| 3 | കെ.എൻ.രാജീവൻ,കുഴിക്കുത്തുകടവിൽ, നോർത്ത് കളമശ്ശേരി | 3000 |
| 4 | ഹനീഫ, പള്ളത്ത്, അൽ ജസീല പാർക്കിംഗ്,നോർത്ത് കളമശ്ശേരി | 3000 |
| ആകെ | | 12000 |

മേൽപ്പറഞ്ഞ ഉടമസ്ഥരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും തൃപ്തികരമായ മറുപടി ലഭിച്ചില്ല. ആയതിനാൽ നഷ്ട തുകയായ 12000/-രൂപ മേൽപ്പറഞ്ഞ ഉടമസ്ഥരിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-7 D&O ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

2016-17 വർഷം ഏതാനും സ്ഥാപനങ്ങളുടെ D&O ലൈസൻസ് ഫീസ് ഈടാക്കിയത് കുറവായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു. (കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ടതുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|
| 1. | അപ്പോളോ ടയേഴ്സ് Ltd.<br>11536 HP | 3,44,580-<br>(200 H P യ്ക്ക് 4500/- അതിനുശേഷമുള്ള ഓരോ HP യ്ക്കും 30/-രൂ നിരക്കിൽ) | 46540/-<br>16855/15.3.16 | 2,98,040 |
| 2. | ഭീമ ബ്യൂട്ടിക് (ജ്വല്ലറി) കെട്ടിട നം. 841,844,846, Lulu mall | 4000 | 2000/-<br>11501117678/ 29.2.16 | 2000 |
| | ആകെ | | | 3,00,040 |

## 2-8 ഷോപ്പിംഗ് കോംപ്ലക്സ്-വാടകയ്ക്ക് നൽകാൻ കഴിഞ്ഞിട്ടില്ല

നഗരസഭ 2011-12 സാമ്പത്തിക വർഷം പ്രത്യേക ഘടക പദ്ധതിയിൽ (എസ്.സി. പി.)ഉൾപ്പെടുത്തി പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി, തൃക്കാക്കര വില്ലേജിലെ ഞാലക്കരയിൽ ലാന്റ് അക്വിസിഷൻ നടപടികളിലൂടെ ആർജിച്ച ഭൂമിയിൽ ഒന്നരക്കോടി രൂപയോളം ചെലവഴിച്ച് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചു. ഇതിന്റെ നിർമ്മാണം മാർച്ച് 2015-ൽ പൂർത്തീകരിക്കുകയും ചെയ്തു. മൂന്ന് നിലകളുള്ള പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ടാമത്തെ നില കളമശ്ശേരിയിൽ പുതുതായി അനുവദിച്ച ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയ്ക്ക് സർക്കാർ അനുമതിയോടെ നിബന്ധനകൾക്കു വിധേയമായി 30.03.2015 മുതൽ വിട്ടു നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പി ഡബ്ല്യു ഡി നിരക്കിൽ 30-03-2015 മുതൽ മുൻകാല പ്രാബല്യത്തോടെ സർക്കാർ ഉത്തരവ് ജി ഒ(ആർ ടി) നം 2045/16/ഹോം തീയതി 25.06.2016 ഉത്തരവ് പ്രകാരം 33076/- രൂപ നിരക്കിൽ പ്രതിമാസ വാടക നിർണ്ണയിച്ചത് അംഗീകരിച്ച് കോടതിയ്ക്ക് 24.11.2016 ൽ നഗരസഭയും കോടതിയും തമ്മിൽ ചമച്ച കരാർ പ്രകാരം വാടകയ്ക്ക് നൽകി. അതു പ്രകാരം കോടതി 30.03.2015 മുതൽ 31.01.2017 വരെയുള്ള മാസങ്ങളിലെ കെട്ടിട വാടക പിഴപ്പലിശയോ സർവ്വീസ് ടാക്സോ കൂടാതെയാണ് അടച്ചിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിലെ വാടകയും പിഴപ്പലിശയും സർവ്വീസ് ടാക്സും അടവാക്കുവാൻ നഗരസഭ 11.08.2017ലെ ആർ4-3808/15 നമ്പർ കത്തിൽ ആവശ്യപ്പെട്ടുവെങ്കിലും 18.08.2017ൽ കത്ത് Not Received എന്ന് മുദ്ര വച്ച് മടക്കി നൽകുകയാണ് ചെയ്തിട്ടുള്ളത്.

ശേഷിക്കുന്ന താഴത്തെ നിലയിലെയും ഒന്നാം നിലയിലെയും 40 മുറികളിൽ 38 മുറികൾ ലേലം ചെയ്ത് നൽകുന്നതിനായി 07.03.2015 ൽ കൗൺസിൽ തീരുമാനമെടുത്ത് 18.03.2015 ൽ ലേലം നടത്തുവാൻ നിശ്ചയിച്ചു. എന്നാൽ പട്ടികജാതി സംഘടനകളും മറ്റും പട്ടികജാതി വിഭാഗക്കാർക്കായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് കോടതിയ്ക്ക് വിട്ടു നൽകിയ നടപടിയെ ചോദ്യം ചെയ്ത് പ്രക്ഷോഭം ആരംഭിക്കുകയും ലേല നടപടികൾ മാറ്റി വയ്ക്കുകയും ചെയ്തു. സർക്കാർ ഉത്തരവ് നം 23781/ഡി1/90/ത.ഭ.വ സർക്കുലർ പ്രകാരം നഗരസഭകളുടെയും വികസന അതോറിറ്റികളുടെയും വക ഷോപ്പിംഗ് കോംപ്ലക്സുകളിൽ 10% മുറികൾ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കായി നീക്കി വെച്ചിരിക്കേണ്ടതാണ്. ഇപ്രകാരം നീക്കി വെയ്ക്കുന്ന മുറികൾ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കു നൽകുന്നതിന് പരസ്യ ലേലമോ,മത്സര സ്വഭാവമുള്ള ക്വട്ടേഷനുകളോ ആവശ്യമില്ല. നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ നിശ്ചിത കാലാവധിയ്ക്ക് വിധേയമായി തെരഞ്ഞെടുക്കാവുന്നതാണ് എന്നും വിശദീകരിച്ചിട്ടുണ്ട്. കൂടാതെ കടമുറികൾ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് വാടകയ്ക്ക് നൽകുമ്പോൾ മുൻകൂർ വാടക,ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ കഴിയുന്നത്ര സൗജന്യങ്ങളും തവണ വ്യവസ്ഥകളും അനുവദിക്കാവുന്നതാണെന്നും മേൽ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് പട്ടികജാതി സംഘടനകളും സ്വകാര്യ വ്യക്തികളും WPC No.8285/2015 dated 26.03.15 ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തു. തുടർന്ന് മേൽപ്പറഞ്ഞ 38 മുറികളും ലേലം

ചെയ്യാതെ ഇട്ടിരിക്കുകയാണ്.

പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതിപ്പണം ഉപയോഗിച്ച് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സിൽ പട്ടികജാതിവിഭാഗത്തിൽ പെട്ടവർക്ക് നിയമാനുസരണം കടമുറി അനുവദിക്കാതെ ലേലനടപടികളുമായി മുന്നോട്ട് പോകാൻ കൗൺസിൽ തീരുമാനിച്ചത് കോടതി വ്യവഹാരത്തിനും വാടകയിനത്തിൽ ഭീമമായ വരുമാന നഷ്ടത്തിനും ഇടയാക്കിയിരിക്കയാണ്. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ നിന്നും വാടക കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വരുമാനനഷ്ടത്തിന് കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. 2017 ഫെബ്രുവരി,മാർച്ച് മാസങ്ങളിലെ വാടകയിനത്തിൽ ലഭിക്കുവാനുള്ള 66152/-രൂപ(33076x2) പിഴപ്പലിശയും സർവ്വീസ് ടാക്സും ഉൾപ്പെടെ ഈടാക്കേണ്ടതാണ്. കോടതിയിലെ വ്യവഹാരം അവസാനിക്കുന്ന മുറയ്ക്ക് 38 മുറികളും ലേലം ചെയ്ത് കൊടുക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 2-9 വാടക ലഭിച്ചിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക ഇനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ വൻ കുടിശിക ഉണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

.

| ക്രമ നം. | കെട്ടിട ഉടമ | പ്രതി മാസ വാടക | സർവ്വീസ് ടാക്സ് | കുടിശ്ശിക യുള്ള മാസ ങ്ങളുടെ എണ്ണം | കുടിശ്ശിക |
|---|---|---|---|---|---|
| 1 | ഗംഗാധരൻ | 905 | 136 | 2 | 2082 |
| 2 | കുഞ്ഞുപിള്ള | 2233 | 335 | 12 | 30816 |
| 3 | പി.എം.സലിം,പാണാട്ടിൽ, പള്ളിലാംകര | 3628 | 544 | 4 | 16688 |
| 4 | എൻ എച്ച് അലിയാർ, | 1134 | 170 | 4 | 5216 |
| 5 | സന്നപ്പൻ,ശിൽപ്പ ഭവൻ | 2270 | 341 | 2 | 5222 |
| 6 | എൻ.കെ.കുഞ്ഞുമുഹമ്മദ്, | 726 | 109 | 3 | 2505 |
| 7 | പി.എച്ച്.ഷംസുദിൻ, | 1774 | 266 | 4 | 8160 |
| 8 | നിജു.ഇ.എസ്, | 1021 | 153 | 12 | 14088 |
| 9 | അനിൽ.പി.എ, | 1209 | 181 | 2 | 2780 |
| 10 | ടി.കെ.കൃഷ്ണൻ, | 896 | 134 | 1 | 1030 |
| 11 | എൻ.കെ.കുഞ്ഞുമുഹമ്മദ് | 905 | 136 | 2 | 2082 |
| ആകെ | | 17606 | 2505 | | 90669 |

വാടകയിനത്തിൽ കിട്ടാനുള്ള തുക ഈടാക്കാത്തതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ കെട്ടിട വാടക അടവാക്കുന്നതിന് ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്നറിയിച്ചു. വാടകയിനത്തിൽ ലഭിക്കേണ്ടതായ കുടിശ്ശിക, കരാർ പ്രകാരമുള്ള (പ്രതിമാസം 1%) പിഴപ്പലിശ ഉൾപ്പെടെ ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് മാപ്പിംഗ് - ഡാറ്റാ ബേസ് പുതുക്കുന്നില്ല

നഗരസഭയിലെ 42 വാർഡുകളിലെയും റോഡുകൾ, തോടുകൾ, കുളങ്ങൾ, ഡ്രെയിനേജ്, ആസ്തികൾ, പൊതു സ്ഥലങ്ങൾ, സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളും സ്ഥലങ്ങളും തുടങ്ങിയവ ടോട്ടൽ സ്റ്റേഷൻ സർവ്വെ നടത്തി മൾട്ടി പർപ്പസ് ഡാറ്റാ ബേസ് തയ്യാറാക്കുന്നതിന് 2012-13 വർഷത്തെ കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ 74/13 പ്രകാരം റോഡ് മാപ്പിംഗ് എന്ന പദ്ധതി ആവിഷ്കരിച്ചു. 7.3.2013 ൽ നടത്തിയ ടെണ്ടറിൽ 3 പേർ പങ്കെടുത്തു.വ്യത്യസ്ത ഇനങ്ങൾക്കായി വ്യത്യസ്ത കമ്പനികളാണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത്. പ്രവൃത്തി വിഭജിച്ച് നൽകാൻ കഴിയാത്തതിനാലും നിരക്ക് കൂടുതലായതിനാലും ഒന്നിച്ച് റീടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചു. ഈ പ്രവൃത്തി ഗവ: അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ഏറ്റെടുത്ത് നടത്താൻ തയ്യാറാണെന്ന് കാണിച്ച് 18.05.2013 ൽ കത്തെഴുതി.

തുടർന്ന് അവരുമായി നെഗോഷ്യേറ്റ് ചെയ്യാൻ കൗൺസിൽ തീരുമാനിച്ചു.29.05.2013 ലെ 10 -ാം നമ്പർ തീരുമാന പ്രകാരം ഓഫർ അംഗീകരിച്ചു.24.06.2013 ന് കരാർ ഒപ്പ് വെച്ചു.പ്രൊജക്റ്റിന്റെ സർവ്വീസ് ടാക്സ് ഉൾപ്പെടെ ചെലവ് 59,98,198 ( ഡിഡി നം 031076/12.09.2013). നഗരസഭയിൽ റോഡുകളും, വീടുകളും പുതുതായി നിർമ്മിക്കപ്പെടുന്നതിനാൽ ഡാറ്റാ ബേസിന്റെ അപ്ഡേഷൻ വളരെ പ്രധാനമാണ്. എന്നാൽ നഗരസഭയിൽ 2014 ന് ശേഷം ഡാറ്റാബേസ് പുതുക്കിയിട്ടില്ല.ഡാറ്റാബേസിൽ ധാരാളം കെട്ടിടങ്ങൾ അൺ ഓതറൈസ്ഡ് ഇനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.പ്രസ്തുത കെട്ടിടങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ പുതുക്കി ഉൾപ്പെടുത്തിയിട്ടില്ല.

## 3-2 വാങ്ങിയ സ്ഥലം പോക്കുവരവ് ചെയ്ത് കരം ഒടുക്കിയിട്ടില്ല

| പേര് | മാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങൽ |
|---|---|
| പ്രോജക്റ്റ് നം. | S0036/17 |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ്-1,01,00,000 |
| ചെലവ് | ബിൽ നം.2/16-17 -24.3.17 രൂ. 46,80,000<br>ബിൽ നം.3/16-17 -24.3.17 രൂ. 44,10,000<br>ബിൽ നം.4/16-17 -24.3.17 രൂ. 9,24,120<br>ആകെ 1,00,14,120 |

മാലിന്യ സംസ്കരണത്തിനായി ഒരു കോടി രൂപയോളം മുടക്കി നഗരസഭ സ്ഥലം വാങ്ങിയിരുന്നു. ഈ സ്ഥലം പോക്ക് വരവ് ചെയ്ത് നഗരസഭയുടേത് ആക്കി കരം ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പോക്ക് വരവ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു എന്ന് മറുപടി നൽകിയിട്ടുണ്ട്. നടപടികൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-3 2016-17 വർഷത്തേക്ക് വിഭാവനം ചെയ്ത പദ്ധതികൾ കൃഷി ഓഫീസർ നടപ്പാക്കിയില്ല

2016-17 വർഷത്തേക്ക് വിഭാവനം ചെയ്തതും കൃഷി ഫീൽഡ് ഓഫീസർ നടപ്പാക്കേണ്ടതുമായിരുന്ന താഴെപ്പറയുന്ന പദ്ധതികൾ തൻ വർഷം നടപ്പിലാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി | അടങ്കൽ |
|---|---|---|
| 1 | തെങ്ങിന് രാസവളം | 414000 |
| 2 | വാഴയ്ക്ക് രാസവളം | 262500 |
| 3 | ടിഷ്യൂ കൾച്ചർ വാഴത്തൈ വിതരണം | 420000 |
| 4 | ബഡ് ചെയ്ത ജാതി തൈ | 630000 |
| 5 | കിണർ നിർമ്മാണം | 500000 |
| 6 | കുടുംബശ്രീ മുഖേന പാട്ടകൃഷി | 50000 |
| 7 | ഗ്രോ ബാഗ് | 3391193 |
| 8 | കുറ്റികുരുമുളക് തൈ | 420000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, യഥാസമയം നഗരസഭയിൽ നിന്ന് ഗുണഭോക്തൃലിസ്റ്റ് ലഭിക്കാതിരുന്നതിനാലാണ് പദ്ധതികൾ നടപ്പാക്കാൻ സാധിക്കാതിരുന്നത് എന്ന് കൃഷി ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതികൾ സമയക്രമം നിശ്ചയിച്ച് നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 മരുന്നുകൾക്കായി മുൻകൂർ നൽകിയിട്ടും ഔഷധിയിൽ നിന്ന് മരുന്നുകൾ ലഭിച്ചില്ല

| പേര് | ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
|---|---|
| പ്രോജക്റ്റ് നം. | S0030/17 |
| അടങ്കൽ | (വി.ഫ) 5,00,000 രൂപ |
| ചെലവ് | ബിൽ നം.1/16-17 -13.01.17 രൂ. 5,00,000 |

ഔഷധിയിൽ നിന്ന് മരുന്ന് വാങ്ങുമ്പോൾ , 60 ദിവസത്തിനകം മരുന്ന് നൽകാം എന്ന വ്യവസ്ഥയിൽ കരാർ വെച്ച് മുൻകൂർ നൽകാവുന്നതാണ് (28.11.2010 ലെ 13160/ ഡി.എ.1/2010/ ത.സ്വ.ഭ.വ നം സർക്കുലർ

പ്രകാരം). 60 ദിവസത്തിനകം മരുന്ന് നൽകുന്നില്ലെങ്കിൽ ഔഷധി നഷ്ടപരിഹാരം നൽകേണ്ടതാണ്. എന്നാൽ 5,00,000 രൂപയുടെ ഡി.ഡി. 25.01.17 ന് കൈപ്പറ്റിയിട്ട് 125 ദിവസത്തിന്ന ശേഷവും 35,416 രൂപ മൂല്യമുള്ള താഴെപ്പറയുന്ന മരുന്നുകൾ ലഭിച്ചിട്ടില്ല.

.

| ക്രമ നം | മരുന്നിന്റെ പേര് | അളവ് | നിരക്ക് | വില |
|---|---|---|---|---|
| 1 | ഏലാദിഗണചൂർണ്ണം 500 ഗ്രാം | 8 | 378 | 3,024 |
| 2 | കർപ്പൂരാദിതൈലം 200 മി.ലി | 120 | 73 | 8,760 |
| 3 | ശ്വാസാനന്ദം ഗുളിക 100 എണ്ണം | 8 | 89 | 712 |
| 4 | തുഫലാദി വെളിച്ചെണ്ണ 200 മി.ലി | 120 | 77 | 9,240 |
| 5 | ദ്രാക്ഷാരിഷ്ടം 450 മി.ലി. | 240 | 57 | 13,680 |
| | | | ആകെ | 35,416 |

ഈ മരുന്നുകൾ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-5 പണം നൽകിയിട്ടും മരുന്നുകൾ ലഭിക്കുന്നില്ല

| പേര് | സ്വാന്തനം, പാലിയേറ്റീവ് കെയർ |
|---|---|
| പ്രോജക്ട് നം. | S0034/16 |
| അടങ്കൽ | 4,00,000(വി.ഫണ്ട്) |
| ചെലവ് | ബിൽ നം.8/16-17 തീയതി 30.03.17 രൂ. 88,111 |

ഇൻവോയ്സ് നം.PRF-414 തീയതി 22.03.17 പ്രകാരം 63291 രൂപ ചെലവഴിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് വാങ്ങിയ ഇനങ്ങൾ ലഭിച്ചിട്ടില്ലായെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

.

| ക്രമ നമ്പർ | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | ഫോളി കതീറ്റർ 14 | 25 | 1250 |
| 2 | ഫോളി കാതർ 16 | 25 | 1250 |
| 3 | ഫോളി കാതർ 18 | 25 | 1250 |
| 4 | ഫോളി കാതർ 20 | 25 | 1250 |
| 5 | യൂറിൻ ബാഗ് | 150 | 2325 |
| 6 | ഇന്റോകൈൻ ജെല്ലി | 25 | 494 |
| 7 | മെട്രോനിഡാസ് ഓലേ | 100 | 850 |
| 8 | മെഗാഹീൽ ജെൽ 15gm | 50 | 2975 |
| 9 | സിറിഞ്ച് 10 ml | 100 | 400 |
| 10 | സിറിഞ്ച് 20 ml | 100 | 936 |
| 11 | സോഡിയം ഫോസ്റ്റേറ്റ് എനിമ | 10 | 220 |
| 12 | ക്രീമാഫീൻ പ്ലെയിൻ 200 ml | 25 | 2525 |
| 13 | ഡയപ്പർ അഡൾട്ട് | 1500 | 43800 |
| 14 | ഗ്ലൂക്കോമീറ്റർ 50s | 5 | 2500 |
| 15 | ബാൻഡേജ് | 25 | 25 |
| 16 | ഹാൻഡിലിംഗ് ചാർജ് | | 1241 |
| | | | 63291 |

ഈ മരുന്നുകളും ഉപകരണങ്ങളും ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ നൽകിയ തുക പലിശ സഹിതം തിരികേ ഈടാക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം മെഡിക്കൽ ഓഫീസറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-6 പി.എച്ച്.സി യ്ക്ക് എയർ കണ്ടീഷണർ വാങ്ങിയ നടപടിക്രമങ്ങളിലെ ന്യൂനതകൾ

| പേര് | എയർ കണ്ടീഷണർ വാങ്ങൽ |
|---|---|
| പ്രോജക്ട് നം. | S0011/16 |
| അടങ്കൽ | വികസന ഫണ്ട് |
| ചെലവ് | ബിൽ നം.4/16-17 -13.01.17<br>ഡി.ഡി.നം.149474 -17.01.17 – 53,468 രൂപ |

പി.എച്ച്.സി.യ്ക്ക് എയർ കണ്ടീഷണർ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 53,468 രൂപ നല്കിയിട്ടുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് റണ്ണിംഗ് കോൺട്രാക്ട് ഉള്ള ഇനമായതിനാൽ ക്വട്ടേഷൻ നടപടികൾ ഒഴിവാക്കി കെ.എം.എസ്.സി.ലിമിറ്റഡിൽ നിന്ന് നേരിട്ട് വാങ്ങുകയായിരുന്നു. കെ.എം.എസ്.സി.ലിമിറ്റഡിന്റെ 30.01.17 ലെ KMSCL/EP/E86/2016 നമ്പർ കത്ത് പ്രകാരം മെ. മാക്സ്വെൽ ഏജൻസീസ്, കൊല്ലം എന്ന സ്ഥാപനം 49,970 രൂപയ്ക്കാണ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് എ.സി. നൽകുന്നത്. എന്നാൽ കെ.എം.എസ്.സി.ലിമിറ്റഡ് കളമശ്ശേരി നഗരസഭയ്ക്ക് എ.സി. നൽകിയിരിക്കുന്നത് 3498 രൂപ ലാഭം എടുത്ത ശേഷം 53468 രൂപയ്ക്കാണ്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്നുകൾ മാത്രമാണ് വാങ്ങാവുന്നത്. എൽ.എസ്.ജി പ്രൊക്വയർമെന്റ് മാന്വലിൽ അനുശാസിക്കും പ്രകാരം ക്വൊട്ടേഷൻ നടപടികളിലൂടെ വേണമായിരുന്നു എ.സി വാങ്ങേണ്ടിയിരുന്നത്. ഇക്കാര്യം ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഉപയോഗിക്കാതെ അവശേഷിക്കുന്ന കേന്ദ്ര ഫണ്ട് അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുന്നില്ല

| പേര് | അങ്കണവാടി കെട്ടിടങ്ങൾക്ക് വാടക |
|---|---|
| പ്രോജക്ട് നം. | S023/17 |
| അടങ്കൽ | രൂ. 5,50,000 വികസന ഫണ്ട്. |
| ചെലവ് | ബിൽ നം.02/16-17- 2,49,000 |

നിലവിൽ നഗരസഭയിലെ 27 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. 03.09.10 ലെ സർക്കാർ ഉത്തരവ് നം.39033/DC2/ 2010/ LSGD പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന കേന്ദ്ര സഹായം അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്. നഗരസഭയിൽ അംഗൻവാടി പോഷകാഹാരം പദ്ധതിനടപ്പാക്കിയ ഇനത്തിൽ 15ലക്ഷം രൂപ ഓഡിറ്റ് വേളയിൽ ബാക്കി നിൽപ്പുണ്ട് എന്ന് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ തുക സാധ്യമായ രീതിയിൽ ഉപയോഗിച്ച് അങ്കണവാടി കെട്ടിടനിർമ്മാണം ആരംഭിക്കാൻ ശ്രമം നടത്തേണ്ടതാണ്. കൂടാതെ പദ്ധതി രൂപീകരണ വേളയിൽ കേന്ദ്ര ഫണ്ടുൾപ്പടെ പരമാവധി വിഭവ സമാഹരണം നടത്തേണ്ടതുമാണ്.

നഗരസഭയിലെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 24 അങ്കണവാടികൾക്ക് വാടകയിനത്തിൽ 2,49,000 രൂപ നൽകിയിട്ടുണ്ട്. എൽ.എസ്.ജി.ഡി.എൻജിനീയർ ഇവയ്ക്ക് വാടക നിശ്ചയിച്ചതിന്റെയും ഇവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽയതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. അങ്കണവാടി കെട്ടിടങ്ങൾ പ്രവർത്തനയോഗ്യമാണെന്ന് എൽ.എസ്.ജി.ഡി. എൻജിനീയർ ഉറപ്പ് വരുത്തേണ്ടതാണ്.

## 3-8 ഇ.എം.ഡി.യായി ലഭിച്ച ചെക്കുകൾ നഗരസഭാ അക്കൌണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ സൂക്ഷിക്കുന്നു

| പേര് | ഹാന്റ് ഫോഗിംഗ് യന്ത്രം വാങ്ങൽ |
|---|---|
| പ്രോജക്ട് നം. | S0038/17 |
| അടങ്കൽ | വികസന ഫണ്ട് രൂ. 1,00,000 |
| ചെലവ് | ബിൽ നം.1/16-17 തീ. 17.3.17രൂ. 97,800 |

വികസന ഫണ്ടിൽ നിന്ന് 97,800 രൂപ ചെലവഴിച്ച് നഗരസഭയ്ക്കായി രണ്ട് ഫോഗിംഗ് യന്ത്രം വാങ്ങിയിട്ടുണ്ട്. M/s.അരുൺ & കമ്പനിയിൽ നിന്നാണ് യന്ത്രങ്ങൾ വാങ്ങിയിട്ടുള്ളത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മൂന്ന് ക്വട്ടേഷനുകൾ ലഭിക്കുകയും കുറവ് നിരക്ക് കാണിച്ച മെ. അരുൺ & കമ്പനിയുടെ ക്വട്ടേഷൻ അംഗീകരിക്കുകയുമാണ് ചെയ്തത്. ഇതോടൊപ്പം കരാറുകാരിൽ നിന്നും ലഭിച്ച ഇം.എം.ഡി. കൾ നഗരസഭ അക്കൗണ്ടിൽ നിക്ഷേപിക്കാതെ ഇപ്പോഴും ഫയലിൽ സൂക്ഷിക്കുന്നു. ഇങ്ങനെ ലഭിച്ച ബാങ്കേഴ്സ് ചെക്കുകളിൽ രണ്ടെണ്ണം കാലഹരണപ്പെട്ടു. ഇ.എം.ഡി.കളുടെ വിശദവിവരം താഴെച്ചേർക്കുന്നു.

| ക്രമ നം. | പേര് | ബാങ്കേഴ്സ് ചെക്ക് / എഫ്.ഡി. നം. / തീയതി | തുക | കാലാവധി അവസാനിക്കുന്ന തീയതി/ റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | അരുൺ & കമ്പനി | 140907/06.01.17, എസ്.ബി.ഐ., എളമക്കര | 2500 | 05.04.17 |
| 2 | ഓസ്റ്റിൻ അസോസിയേറ്റ്സ് | 394983/ 06.01.17 എസ്.ബി.റ്റി കളമശ്ശേരി | 2500 | 05.04.17 |
| 3 | അനെറ്റി എന്റർപ്രൈസസ് | 67387138827/ 06.01.17 | 2500 | എഫ്.ഡി എട്ടുത്തിരിക്കുന്നത് നഗരസഭാ സെക്രട്ടറിയുടെ പേരിലല്ല.ശ്രീ. വി.ജെ. ജോയിയുടെ പേരിലാണ്. |

നഗരസഭയ്ക്ക് ലഭിക്കുന്ന ചെക്കുകളും ഡ്രാഫ്റ്റുകളും നഗരസഭാ അക്കൌണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നഗരസഭ ജാഗ്രത പുലർത്തേണ്ടതാണ്.

## 3-9 കിണർ പുനരുദ്ധാരണം(എസ്.സി)-വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0106/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ, കളമശ്ശേരി നഗരസഭ |
| അടങ്കൽ തുക | രൂ. 50,000 |
| ചെലവഴിച്ച തുക | രൂ. 20000 |
| ബിൽ നമ്പർ/തീയതി | 21/16-17/13.03.17 |

കളമശ്ശേരി നഗരസഭയിൽ 2016-17സാമ്പത്തിക വർഷം നടപ്പാക്കിയ പ്രോജക്ടാണ് കിണർ പുനരുദ്ധാരണം. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)4/2016തീയതി 11.01.2016 ത.സ്വ.ഭ.വ. സബ്സിഡി മാനദണ്ഡമനുസരിച്ച് ഈ ആനുകൂല്യം നൽകുന്ന ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം തുക വിതരണം ചെയ്യേണ്ടത്. താഴെപ്പറയുന്ന ഗുണഭോക്താക്കൾ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | പുരുഷൻ.പി.കെ,പെരുമാനത്തറ, വട്ടേക്കുന്നം,ഇടപ്പള്ളി | 5000 |
| 2 | പ്രദീഷ് കുമാർ എൻ.ടി., കൈനാത്തപറമ്പ്, വട്ടേക്കുന്നം, ഇടപ്പള്ളി | 5000 |

വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ആനുകൂല്യം നൽകിയത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതു വരെ 10000 /-രൂപയുടെ ചെലവ് തടസ്സത്തിൽവെയ്ക്കുന്നു.

## 3-10 തുല്യതാ പഠനം(ജനറൽ)-കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0026/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി,കളമശ്ശേരി നഗരസഭ |
| അടങ്കൽ തുക | രൂ. 1,00,000 |
| ചെലവ് തുക | രൂ. 64,500 |
| ബിൽ നമ്പർ/തീയതി | 24/16-17/27.01.17 |

സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന പത്താം തരം തുല്യതാ കോഴ്സ് പഠിതാക്കളായ 43 പേരുടെ കോഴ്സ് ഫീസ് 1500/-രൂപ വീതം 64,500/-രൂപ ഡി.ഡി.നമ്പർ 149622/27.01.17 പ്രകാരം സംസ്ഥാന സാക്ഷരതാ മിഷന് നൽകി. 2016-17 സാമ്പത്തിക വർഷം പത്താം തരം തുല്യതാ പരീക്ഷയ്ക്ക് 43പേര് രജിസ്റ്റർ ചെയ്തതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ പഠിതാക്കളായ 43 പേർ പരീക്ഷയ്ക്ക് ഹാജരായ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ പരീക്ഷയ്ക്ക് ഹാജരായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതു വരെ 64,500/-രൂപയുടെ ചെലവ് തടസ്സത്തിൽവെയ്ക്കുന്നു.

## 3-11 ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിലെ ധന വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയും ലഭിച്ചിട്ടില്ല.

.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | തുക നൽകിയ സ്ഥാപനത്തിന്റെ പേര് | ബിൽ നമ്പർ/ തീയതി | തുക |
|---|---|---|---|---|
| എസ്.എസ്.എ.തുക നൽകൽ | S0025/17 | ജില്ലാ പ്രോജക്ട് ഓഫീസർ, സർവ്വ ശിക്ഷാ അഭിയാൻ, എറണാകുളം | 14/16-17 21.11.2016 | 1710418 |
| ഐ.കെ.എം. പ്രവർത്തന ഫണ്ട് | S0027/17 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം | 33/16-17 13.03.2017 | 237060 |
| ആകെ | | | | 1947478 |

. ധന വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയും ലഭിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതു വരെ 1947478 /-രൂപയുടെ ചെലവ് തടസ്സത്തിൽവെയ്ക്കുന്നു.

## 3-12 അജൈവ മാലിന്യം നീക്കം ചെയ്യൽ-ടെണ്ടർ നടപടികളിലെ അപാകതകൾ

(ഫയൽ നം H-3945/16)

2016-17 വർഷം കളമശ്ശേരി നഗരസഭ അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനായി 3.4.2016 ൽ ടെൻഡർ നടത്തിയതിൽ 3 ടെൻഡർ ലഭിച്ചു.

| പേര് | തുക |
|---|---|
| സക്കീർ ബാബു | 7.9/kg( EMD ഇല്ലാതെ) |
| സജി എം എ | 5.4/Kg |
| M/s എക്കോ ഗ്രീൻ | 4.8/Kg |

ഇതിൽ കുറഞ്ഞ തുകയ്ക്കുള്ള ടെൻഡർ ലഭിച്ച എക്കോ ഗ്രീൻ എന്ന സ്ഥാപനത്തിന്റെ ടെൻഡർ സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് രജിസ്ട്രേഷൻ സംബന്ധിച്ച ആശയക്കുഴപ്പത്തിനാൽ ഒഴിവാക്കി. രണ്ടാമത് കുറവ് ലഭിച്ച ടെൻഡർ ഒഴിവാക്കുന്നതിന് കാരണം വ്യക്തമാക്കാതെതന്നെ വീണ്ടും ടെൻഡർ ക്ഷണിക്കാൻ തീരുമാനിച്ചു. 28.3.16 -ൽ റീടെൻഡർ നടത്തിയതിൽ അതേ വ്യക്തികൾ/സ്ഥാപനങ്ങൾ തന്നെ വീണ്ടും ടെൻഡർ സമർപ്പിച്ചു.

| പേര് | തുക |
|---|---|
| സക്കീർ ബാബു | 7.1/kg |
| സജി എം എ | 6.75/Kg |
| M/s എക്കോ ഗ്രീൻ | 6.5/Kg |

ഇതിൽ കുറഞ്ഞ തുകയ്ക്കുള്ള ടെൻഡർ ലഭിച്ച എക്കോ ഗ്രീൻ എന്ന സ്ഥാപനത്തിന്റെ ടെൻഡർ, നെഗോസിയേഷന്റെ അടിസ്ഥാനത്തിൽ 5.5/Kg തുകയ്ക്ക് അംഗീകാരം നല്കി. അതിൻപ്രകാരം താഴെപ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| ക്രമ നം | വൌച്ചർ നം/തുക | 2% ഐ. ടി. കുറച്ച് കരാറുകാരന് നൽകിയ | തുക |
|---|---|---|---|

| | | തുകയുടെ ചെക്ക് നം/ തിയതി | |
|---|---|---|---|
| 1. | 106/4-16<br>79480 x 5.5= 437140- | 244952/29.4,16 | 428397 |
| 2. | 65/5-16<br>85900 x 5.5=4,72,450- | 639458/25.5.16 | 463001 |
| 3 | 131/6-16<br>95640x5.5=526020 | 639541/30.6.16 | 515500 |
| | ആകെ<br>261020x5.5=14,35,610/- | | 1406898 |

ഇപ്രകാരം ചെലവു നടത്തിയതിൽ താഴെപ്പറയുന്ന പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
1)ചീഫ് ഇലക്ടറൽ ഓഫീസറുടെ 15.3.2016 ലെ 1080(239)/ഇ.എൽ4/2016/ഇലക്ട നം കത്ത് പ്രകാരമാണ് തെരെഞ്ഞെടുപ്പ് കാലയളവിൽ ടെൻഡർ ക്ഷണിക്കാൻ തീരുമാനിച്ചത്. ആദ്യടെൻഡറിലെ ഒഴിവാക്കാതെ അവശേഷിച്ച ടെൻഡർ അംഗീകരിച്ചിരുന്നുവെങ്കിൽ ഇത്തരം നടപടി ഒഴിവാക്കാമായിരുന്നു.
2)ആദ്യം ടെൻഡർ ക്ഷണിച്ചതിൽ ലഭിച്ച എക്കോ ഗ്രീൻ എന്ന സ്ഥാപനത്തിന്റെ ടെൻഡർ, അംഗീകരിക്കാതെ റീടെൻഡർ നടത്തി അതേ സ്ഥാപനത്തിന് തന്നെ വീണ്ടും ടെൻഡർ നല്കിയതിനാൽ 1,79,060/- അധികം നല്കാനിടയായി. അതായത് 261020x4.8/Kg എന്ന നിരക്കിൽ നല്കിയിരുന്നെങ്കിൽ 2% IT കുറച്ച് 12,27,838/- രൂപ കരാറുകാരന് നല്കിയാൽ മതിയായിരുന്നു. 1,79,060/- രൂപ ( 14,06,898-1227838) അധികം നല്കാനിടയായിട്ടുള്ളത് ആദ്യം ക്ഷണിച്ച ടെൻഡറിൽ രണ്ട് സ്ഥാപനങ്ങളെ ഒഴിവാക്കി ബാക്കിയുള്ള ഒരെണ്ണം single tender എന്ന നിലപാട് സ്വീകരിച്ച് ഒഴിവാക്കിയതിനാലാണ്.
3). ആദ്യം ടെൻഡർ ക്ഷണിച്ചതിൽ ലഭിച്ച എക്കോ ഗ്രീൻ എന്ന സ്ഥാപനത്തിന്റെ ടെൻഡർ നിരസിച്ചെങ്കിൽ കൂടി സജി എംഎ യുടെ ടെൻഡർ അംഗീകരിച്ചിരുന്നുവെങ്കിൽ ടെൻഡർ ക്ഷണിച്ച ഇനത്തിൽ പത്രപരസ്യത്തിലും മറ്റും ചെലവായ 27,392/- രൂപയുടെ ചെലവ് ഒഴിവാക്കാമായിരുന്നു.

| ക്രമ നം | വൌച്ചർ നം | ചെക്.നം / തി | തുക |
|---|---|---|---|
| 1. | 65/5-16 | 639434/10.5.16 | 9984/- |
| 2. | 66/5-16 | 639434/10.5.16 | 17,408/- |
| | ആകെ | | 27,392/- |

നഗരസഭയ്ക്ക് അധികമായുണ്ടാകുന്ന ഇത്തരം ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

.

## 3-13 <u>ഖരമാലിന്യ നിർമ്മാർജ്ജനം</u>

2016-17 വർഷത്തെ തനത് ഫണ്ട് വൌച്ചറുകളുടെ പരിശോധനയിൽ , കളമശ്ശേരി നഗരസഭ ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി താഴെപ്പറയും പ്രകാരം തുക ചെലവു ചെയ്തിട്ടുണ്ട്.

1) <u>ടിപ്പർ ലോറി വാടക</u>

| ക്രമ നം | വൌച്ചർ നം/ വിശദാംശം | ചെക് നം /തിയ്യതി | തുക |
|---|---|---|---|
| 1. | 100/4-16<br>1.2.16-31.3.16 | 639401/27.4.16 | 3,23,934/- |
| 2. | 37/8-16<br>1.4.16-30.6.16 | 639615/5.8.16 | 5,13,562/- |
| 3. | 225/10-16<br>1.7.16-30.9.16 | 639918/31.10.16 | 6,46,816/- |

ഫയൽ പരിശോധനയ്ക്കായി ഹാജരാക്കിയെങ്കിലും ടിപ്പർ ലോറി വാടക സംബന്ധിച്ച് നഗരസഭ സാക്ഷ്യപ്പെടുത്തിയ ട്രിപ്പ് ഷീറ്റിൽ തൂക്കം രേഖപ്പെടുത്തിയിട്ടില്ല.
2) ടിപ്പിംഗ് ചാർജ്ജിനത്തിൽ കൊച്ചി നഗരസഭയ്ക്ക് നൽകിയ തുക

| ക്രമ നം | വൗച്ചർ നം | ചെക്ക് നം /തിയ്യതി | തുക |
|---|---|---|---|
| 1. | 99/5-16<br>1.12.15-31.3.16 | 244953/18.5.16 | 18,22,264/- |
| 2. | 147/9-16<br>1.1.16-30.6.16 | 639756/26.9.16 | 15,87,310/- |
| 3. | 41/2-17 | 640235/4.2.17 | 18,34,242/- |

| | | | |
|---|---|---|---|
| | 1.7.16-30.9.16 | | |

പരിശോധനയ്ക്കായി ഹാജരാക്കിയ ഫയലിൽ ഖരമാലിന്യം വെയിംഗ് മെഷീനിൽ തൂക്കം രേഖപ്പെടുത്തിയതിന്റെ വിശദാംശം, കൊച്ചി നഗരസഭ തുക കൈപ്പറ്റിയ രസീത് എന്നിവ ഹാജരാക്കിയില്ല .
3) നിലവിലുണ്ടായിരുന്ന ടിപ്പർ ലോറി വാർഷിക അറ്റകുറ്റപ്പണികൾക്കായി നല്കിയതിനുശേഷം തിരികെ ലഭിക്കാനുണ്ടായ കാലതാമസമാണ് ഇപ്രകാരം അധിക ചെലവിന് കാരണമായിട്ടുള്ളത്. ഇത്തരം നടപടികളിൽ നഗരസഭയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

## 3-14 തെരുവ് വിളക്കുകളുടെ പരിപാലനം-അപാകതകൾ

2016-17 വർഷത്തെ തനത് ഫണ്ട് വൌച്ചറുകളുടെ പരിശോധനയിൽ, തെരുവു വിളക്ക് പരിപാലനത്തിനായി താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൌച്ചർ നമ്പർ | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|---|
| 1 | 53/7-16 | 639554/11.07.16 | 1000000 |
| 2 | 85/7-16 | 639571/23.07.16 | 801285 |
| 3 | 49/3-17 | 640402/02.03.17 | 1446752 |

1) കളമശ്ശേരി നഗരസഭയും കെ.എസ്.ഇ.ബി യും സംയുക്ത പരിശോധന നടത്തി ആകെയുള്ള തെരുവു വിളക്കുകളുടെ എണ്ണത്തിനനുസരിച്ചല്ല തുക നല്കിയിട്ടുള്ളത്.
2) തെരുവു വിളക്ക് പരിപാലനത്തിനായി AMC നടപ്പാക്കിയിട്ടില്ല.
തെരുവു വിളക്ക് പരിപാലനത്തിൽ അധികമായി തുക ചെലവാക്കുന്നില്ല എന്ന് നഗരസഭഅധികൃതർ ഉറപ്പാക്കേണ്ടതാണ്.

## 3-15 എസ്.സി.ഷോപ്പിംഗ് കോംപ്ലക്സ്-അധിക നഷ്ടപരിഹാരം

SC ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്ന പ്രോജക്റ്റ് 2007-08 വർഷം ആരംഭിച്ചിട്ടുള്ളതും 9.73 ആർ സ്ഥലം അക്വയർ ചെയ്യുന്നതിനായി 2,49,93,669/- രൂപ നല്കിയിട്ടുള്ളതുമാണ്. എന്നാൽ ഉടമസ്ഥനായ മുകുന്ദ നാരായണ ഷേണായി സ്ഥലവില സംബന്ധിച്ച് അധികനഷ്ടപരിഹാരം ലഭിക്കുന്നതിനായി കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 2013നവംബർ 30 ന് ലഭിച്ച വിധിന്യായത്തിൽ നഷ്ടപരിഹാരം അനുവദിക്കണമെന്ന ഉത്തരവ് ലഭിച്ചിട്ടുള്ളതുമാണ്. അതിൻപ്രകാരം 16.10.2015 ൽ അഡ്വക്കേറ്റ് നല്കിയ കത്തിൽ 1,28,22,727.09 രൂപ അടയ്ക്കാൻ ആവശ്യമായിരിക്കുന്നതായി അറിയിച്ചു. സ്പെഷ്യൽ തഹസിൽദാർ (LA) യുടെ 31.12.2015 ലെ ബി-4648/14 കത്ത് പ്രകാരം പലിശയുൾപ്പെടെ 1,30,22,847/-രൂപ അടയ്ക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. വീണ്ടും സ്പെഷ്യൽ തഹസിൽദാർ (LA) യുടെ 2.6.16 ലെ ബി-4648/14 കത്ത് പ്രകാരം 1,35,97,290/-രൂപ അടയ്ക്കാൻ നിർദ്ദേശിച്ചു. മതിയായ ഫണ്ട് ഉണ്ടായിരുന്നിട്ടും നഷ്ടപരിഹാരതുക ഒന്നിച്ച് അടയ്ക്കാതെ നഗരസഭയുടെ 23.12.2015 ലെ 12 ാം നം തീരുമാനപ്രകാരം തുക ഗഡുക്കളായി നല്കാൻ തീരുമാനിച്ചു. അങ്ങനെ നഗരസഭ ഈയിനത്തിൽ 1,40,84,958/- രൂപ നല്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൌച്ചർ നം | ചെക് നം/ തിയതി | തുക |
|---|---|---|---|
| 1. | 92/1-16 | 842757/11.1.16 | 25,00,000 |
| 2. | 186/2-16 | 2591167/22.2.16 | 10,00,000 |
| 3. | 77/4-16 | 2591172/18.4.16 | 15,00,000 |
| 4. | 95/6-16 | 2591186/18.6.16 | 20,00,000 |
| 5. | 96/6-16 | 2591187/18.6.16 | 10,00,000 |
| 6. | 130/7-16 | 2591196/29.7.16 | 20,00,000 |
| 7. | 95/11-16 | 639956/18.11.16 | 20,00,000 |
| 8. | 216/2-17 | 521993/28.2.2017 | 17,43,144 |
| 9. | 41/3-17 | 640395/2.3.17 | 341814 |
| | ആകെ | | 1,40,84,958/- |

എന്നാൽ നഗരസഭ സെക്രട്ടറി 13.3.2017 ൽ സ്പെഷ്യൽ തഹസിൽദാർ (LA) യ്ക്കയച്ച കത്തിൽ 1,40,84,958/- നല്കിയിട്ടുണ്ട്. ഇപ്രകാരം തുക അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകത ഉണ്ട്. തുക 1,40,84,958/- രൂപ നല്കിയപ്പോൾ 12,62,230/- പലിശയിനത്തിൽ അധികമായി നല്കിയിട്ടുണ്ട്. ( 1,40,84,958-1,28,22,727=

12,62,230/-). നഗരസഭ കൗൺസിലിന്റെ അനുചിതമായ തീരുമാനം മൂലമാണ് നഗരസഭയ്ക്ക് അധിക ചെലവ് സംഭവിച്ചിട്ടുള്ളത്.

.

## 3-16 അധിക അളവ് പ്രവൃത്തിക്ക് ടെണ്ടർ നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 090/17 |
| പ്രവൃത്തിയുടെ പേര് | 38-ാം വാർഡിലെ വലിയപറമ്പ് റോഡ് ഇന്റർലോക്കിംഗ് ടൈൽ വിരിക്കൽ |
| അടങ്കൽ | രൂ. 915000/- |
| കരാറുകാരൻ | ശ്രീ. സുനിൽ മാത്യൂ |
| അളവുപുസ്തകം | 308/15-16 |
| ചെലവ് | ഡി.ഡി.നം.754358/05-03-17 രൂ. 754257/- |

ഈ പ്രവൃത്തി 21-11-2016 ൽ ഐറ്റം നിരക്ക് അടിസ്ഥാനത്തിൽ ഈ-ടെണ്ടർ നടത്തിയതിൽ ശ്രീ. സുനിൽ മാത്യൂ സമർപ്പിച്ച 756524 രൂപയുടെ കുറഞ്ഞ നിരക്ക് (17.27% കുറവ്) 23-11-2016 ലെ 27-ാം കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചു. ഈ പ്രവൃത്തിയുടെ മൂന്നാമത്തെ ഇനമായ "Providing and laying 80 mm thick factory made cement concrete inter locking paver block of M-30 grade made by block making machine with strong vibratory expectations...." എന്ന ഇനത്തിന് 686 ച.മീറ്റർ അളവും രൂ. 1060.15/ച.മീറ്റർ നിരക്കുമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിന് രൂ. 950/ച.മീറ്റർ നിരക്കാണ് (10.40% കുറവ്) ശ്രീ. സുനിൽ മാത്യൂ ക്വോട്ട് ചെയ്തിരുന്നത്. കരാർ വെച്ച ശേഷം ഈ പ്രവൃത്തി റിവൈസ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈയിനം പ്രവൃത്തി 713.74 ച.മീറ്റർ അളവിലാണ് ചെയ്തിട്ടുള്ളത്. ഇതിന് രൂ. 950/ച.മീറ്റർ നിരക്കിൽ 678053 രൂപ ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്.

'ഏതെങ്കിലും ഒരു ഐറ്റത്തിന്റെ അളവ് കരാറുടമ്പടിയിലും കൂടുന്ന പക്ഷം അധികരിച്ച അളവിന് നൽകാവുന്ന നിരക്ക് കരാറുകാരൻ ടി പ്രവൃത്തിക്ക് ക്വോട്ട് ചെയ്ത നിരക്കോ, എസ്റ്റിമേറ്റ് നിരക്കോ ഏതാണ് കുറവ് എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും ' എന്ന ടെണ്ടർ വ്യവസ്ഥ പ്രകാരം മേൽപ്പറഞ്ഞ ഇനം പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക് താഴെ പറയും പ്രകാരമാണ്.

| | അളവ് | നിരക്ക് | തുക |
|---|---|---|---|
| എസ്റ്റിമേറ്റിൽ ഉൾപ്പെട്ടത് | 686.00 | രൂ.950/ച.മീറ്റർ | 651700 |
| അധികം ചെയ്തത് | 27.74 | രൂ.877/ച.മീറ്റർ (1060.15-17.27%) | 24328 |
| ആകെ | 713.74 | | 676028 |

മേൽപ്പറഞ്ഞ പ്രകാരം കരാറിൽ ഉൾപ്പെട്ട അളവിനേക്കാൾ അധികരിച്ച അളവിന് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചതിനാൽ ഈ പ്രവൃത്തിയിൽ 2025 രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.ആയതിനാൽ അധികം നൽകിയ 2025/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

തൻ വർഷം സംയുക്ത പ്രോജക്ടുകൾക്ക് തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻ വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 69,62,613/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 69,62,613/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 69,62,613/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ക്ലീൻ കേരള 2000 ഇക്വിറ്റി ഷെയറിലെ നിക്ഷേപം സർട്ടിഫിക്കറ്റ് നം .14 തിയതി 26.05.2014 | 21,05,400/- |
| ക്ലീൻ കേരള ഇക്വിറ്റി ഷെയറിലെ നിക്ഷേപം സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. തുക നൽകിയത് ഡി.ഡി.നം. 687948 തിയതി 21.04.2016 | 32,39,820/- |
| ക്ലീൻ കേരള ഇക്വിറ്റി ഷെയറിലെ നിക്ഷേപം സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. തുക നൽകിയത് ഡി.ഡി.നം. 687942 തിയതി 21.04.2016 | 16,17,393/- |
| ആകെ | 69,62,613/- |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 397945850.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 334595206.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 604482.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2025.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2021978.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 14444.00 | | ശ്രീ.എസ്.നാരായണൻ, സെക്രട്ടറി |
| 2-4 | 181367.00 | | ശ്രീ.എസ്.നാരായണൻ, സെക്രട്ടറി |
| 2-5 | 30479.00 | | ശ്രീ.എസ്.നാരായണൻ, സെക്രട്ടറി |
| 2-6 | 12000.00 | | ശ്രീ.എസ്.നാരായണൻ, സെക്രട്ടറി |
| 2-7 | 300040.00 | | ശ്രീ.എസ്.നാരായണൻ, സെക്രട്ടറി |

| | | | |
|---|---|---|---|
| 2-8 | 66152.00 | | ശ്രീ.എസ്.നാരായണൻ, സെക്രട്ടറി |
| 3-16 | | 2025.00 | ശ്രീ. ഷിബു എൽ.നാലപ്പാട്ട് |
| ആകെ | 604482.00 | 2025.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 10000.00 | ശ്രീമതി ഹണിമോൾ ജെ, കട്ടക്കയം, എസ്.സി.ഡി.ഒ |
| 3-10 | 64500.00 | ശ്രീ.എസ്.നാരായണൻ, സെക്രട്ടറി |
| 3-11 | 1947478.00 | ശ്രീ.എസ്.നാരായണൻ, സെക്രട്ടറി |
| ആകെ | 2021978.00 | |

.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എസ്.നാരായണൻ, സെക്രട്ടറി | സെക്രട്ടറി , അങ്കമാലി നഗരസഭ. | 'അനുപമ' ഹൗസിംഗ് കോളനി, കൈതവന ആലപ്പുഴ |
| ശ്രീമതി.,ഹണിമോൾ ജെ, കട്ടക്കയം, എസ് സി ഡി ഒ | എസ് സി ഡി ഒ, കളമശ്ശേരി നഗരസഭ. | നെല്ലിക്കുന്നേൽ, കരിപ്പായി,സുന്ദരഗിരി റോഡ്, കളമശ്ശേരി |
| ശ്രീ. ഷിബു എൽ.നാലപ്പാട്ട്, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, കളമശ്ശേരി നഗരസഭ. | നാലപ്പാട്ട് വീട്, ചങ്ങമ്പുഴ നഗർ, കളമശ്ശേരി, കൊച്ചി-33 |

.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | എൽ.എഫ്.ഇ(എം1)1106/04/3.02.2005 | |
| 1999-00 | എൽ.എഫ്.ഇ(എം2)1153/05/18.5.2006 | |
| 2000-01 | എൽ.എഫ്.ഇ(എം2)771/07/23.2.2008 | |
| 2001-02 | എൽ.എഫ്.ഇ(എം2)1159/07/25.2.2008 | |
| 2002-03 | എൽ.എഫ്.ഇ(എം2)327/10/20.6.2011 | |
| 2003-04 | എൽ.എഫ്.ഇ(എം2)328/10/02.7.2011 | |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.ഇ(എം2)329/10/02.7.2011 | |
| 2005-06 & 06-07 | എൽ.എഫ്.ഇ(എം2)1990/13/18.11.2013 | |
| 2007-08 | എൽ.എഫ്.ഇ(എം2)727/11/26.12.2011 | |
| 2008-09 | എൽ.എഫ്.ഇ(എം2)1197/11/27.4.2012 | |
| 2009-10 & 10-11 | എൽ.എഫ്.ഇ(എം2)45/13/13.2.2013 | |
| 2011-12 | എൽ.എഫ്.ഇ(എം2)131/14/13.2.2014 | |
| 2012-13 | എൽ.എഫ്.ഇ(എം2)192/15/09.1.2015 | |
| 2013-14 | എൽ.എഫ്.ഇ(എം2)646/2015/07.07.15 | |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(എം2)1404/2015 /26.08.2015 | |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(എം2)69/2017 /08.02.2017 | |

മേൽ റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

.

ജോയിന്റ് ഡയറക്ടർ

.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇ.കെ.എം(എം2)1780/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

എറണാകുളം,സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:
doekm.ksad@kerala.gov.in
തീയതി : 20.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമത്തിന്റെ 295(4)-ാം വകുപ്പ് അനുസരിച്ചും നഗരസഭകളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കളമശ്ശേരി നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
എന്റെ അഭിപ്രായത്തിൽ കളമശ്ശേരി നഗരസഭയുടെ 2016-17 -ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

APPENDIX – I

AUDIT CERTIFICATE – 2016-17

No.KSA.EKM(M2)1780/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad –682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 20.10.2017

Certified that I have audited the Annual Financial Statement of Kalamassery Municipality in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of Kerala Municipality Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Municipal Institutions.

.

In my opinion, the Financial Statements of Kalamassery Municipality for the year 2016-17 in my audit report properly presents the picture of income and expenditure.

Joint Director